**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2842.** **06.02.2018 ൽ മറുപടിയ്ക്ക്**

**പാൻമസാല നിരോധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | പാൻമസാല സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | പാൻമസാലയുടെ നിരന്തരമായ ഉപയോഗം വായിൽ ക്യാൻസറിന് കാരണമാകുന്നതായും മറ്റ് പല രോഗങ്ങൾക്കും കാരണമാകുന്നതായും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പുകയിലയും നിക്കോട്ടിനും അടങ്ങിയ പാൻമസാലകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നിരോധിച്ചിരുന്നോ; | (ബി) | കേരള ഫുഡ് സേഫ്റ്റി വകുപ്പിന്റെ 22/05/2012 തീയതിയിലെ എ/1327/2012/സി.എഫ്.എസ്. നമ്പർ ഉത്തരവ് പ്രകാരം പുകയില, നിക്കോട്ടിൻ എന്നിവ അടങ്ങിയ പാൻ മസാല സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. |
| (സി) | ഡൽഹി ആസ്ഥാനമായ ശിവം ബീറ്റിൽ നട്സ് എന്ന കമ്പനി പുറത്തിറക്കുന്ന പാൻരാജ് എന്ന പേരിലുള്ള പാൻ മസാല സംസ്ഥാനത്ത് വിൽക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും | എക്സൈസ് വകുപ്പ് പാൻമസാലകൾ വിൽക്കുന്നതിനുള്ള അനുമതിയോ ലൈസൻസുകളോ ഒന്നും തന്നെ നൽകിയിട്ടില്ല. |
| (ഡി) | ഈ നടപടി സമൂഹത്തിന് പ്രത്യേകിച്ച് യുവ തലമുറയ്ക്ക് ദോഷകരമായ ഒന്നാകയാൽ പ്രസ്തുത അനുമതി റദ്ദാക്കുമോ? | | |

സെക്ഷൻ ഓഫീസർ